**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 23** **08-08-2023 - ൽ മറുപടിയ്ക്ക്**

**പുതിയ മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്, ശ്രീ. മോൻസ് ജോസഫ്, ശ്രീ. മാണി. സി. കാപ്പൻ, ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ പുതിയ മദ്യനയം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ മദ്യനയം 27.07.2023 തീയതിയിലെ സ.ഉ (കൈ)79/2023/നികുതി നമ്പർ ഉത്തരവിലൂടെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പരമ്പരാഗത വ്യവസായം എന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തിന് പ്രോത്സാഹനം നൽകി, വൃത്തിയുള്ള അന്തരീക്ഷത്തിലും കെട്ടിടങ്ങളിലും കള്ള്ഷാപ്പുകളുടെ പ്രവർത്തനം ഉറപ്പ് വരുത്തി കേരളത്തിന്റെ തനത് പാനീയമെന്ന നിലയിൽ കള്ള് പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന മദ്യനയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ സംസ്ഥാനത്തെ ടൂറിസം, വ്യവസായം എന്നീ മേഖലകൾക്ക് ഉണർവ് നൽകുന്നതിന് ഉതകുന്ന പ്രഖ്യാപനങ്ങളും 2023-24-ലെ മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ധാന്യേതര കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിലൂടെ കർഷകർക്ക് അധിക വരുമാനം കൂടി ഉണ്ടാകും. അതിലുപരി അധിക നിക്ഷേപം, കൂടുതൽ തൊഴിലവസരങ്ങൾ, കയറ്റുമതി എന്നീ മേഖലകളിലും പുരോഗതി ഉണ്ടാകും. മദ്യനിരോധനം പ്രായോഗികമായി നടപ്പിലാക്കുവാൻ കഴിയില്ല എന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ മദ്യവർജ്ജനമെന്ന ആശയത്തിലൂന്നി മദ്യനയം പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. ലഹരി ഉപയോഗത്തിനെതിരെ പൊതുജനങ്ങളെ, പ്രത്യേകിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഇതിൽനിന്ന് പിൻതിരിപ്പിക്കുന്നതിന് വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും, വിദ്യാർത്ഥികളെയും യുവജനങ്ങളെയും അവരുടെ ക്രിയാശേഷി ശരിയായ ദിശയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വിമുക്തി |

| | | | |
|---|---|---|---|
| | | | മിഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ വർഷത്തെ മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ പുതിയ നയത്തിൽ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുക എന്നത് സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ ലക്ഷ്യമല്ല. മദ്യവർജ്ജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് മദ്യനയത്തിൽ ഊന്നൽ നൽകിയിട്ടുള്ളത് എന്നതിനാൽ പുതിയ മദ്യനയത്തിൽ വ്യതിയാനം വരുത്തുന്നതിന് ഉദ്ദേശിക്കുന്നില്ല. |
| (സി) | പുതിയ മദ്യനയം സർക്കാരിന്റെ വിമുക്തി പദ്ധതിക്ക് വിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പുതിയ മദ്യനയം സർക്കാരിന്റെ വിമുക്തി പദ്ധതിയ്ക്ക് വിരുദ്ധമല്ല. സമ്പൂർണ്ണ മദ്യനിരോധനം ഫലപ്രദമല്ലാത്തതിനാൽ മദ്യവർജ്ജനത്തിലൂന്നിയുള്ള നയമാണ് സ്വീകരിച്ചിട്ടുള്ളത്. മദ്യവർജജനത്തിലൂന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമേ സമൂഹത്തിൽ വർദ്ധിച്ച് വരുന്ന മദ്യാസക്തി കുറച്ചു കൊണ്ടു വരുന്നതിന് സാധിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതു കൊണ്ടാണ് സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ പ്രഖ്യാപിച്ച മദ്യനയത്തിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകിയിരുന്നത്. കഴിഞ്ഞ വർഷങ്ങളിൽ എക്സൈസ് വകുപ്പ് വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ച്കൊണ്ടും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടും ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ഇത് സമൂഹത്തിൽ ലഹരി വ്യാപനത്തിനെതിരെയുള്ള ഒരു ബഹുജന മുന്നേറ്റത്തിന് വഴിയൊരുക്കിയിട്ടുണ്ട്. വിമുക്തി പദ്ധതിയിലൂടെ സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് പി.ടി.എ, എസ്. പി. സി എന്നിവരും സജീവമാണ്.<br><br>നിയോജക മണ്ഡല അടിസ്ഥാനത്തിൽ പ്രത്യേക ബോധവൽക്കരണ പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ലഹരിവർജ്ജനം എന്ന സർക്കാർ നയവും പുതിയ മദ്യനയവും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ലഹരിവർജ്ജനമെന്ന സർക്കാർ നയവും, പുതിയ മദ്യനയവും തമ്മിൽ പൊരുത്തക്കേടുകളില്ല. ലഹരിമുക്ത കേരളം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ട് പോകുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിമുക്തി മിഷന്റെ |

| | | | |
|---|---|---|---|
| | | | ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും സംഘടനകളെയും അണിനിരത്തി നടത്തുന്ന പ്രവർത്തനങ്ങൾക്ക് പൊതുസമൂഹത്തിൽ നിന്ന് വളരെയധികം പിൻതുണയാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്.<br><br>മദ്യ-മയക്കുമരുന്ന് വ്യാപനത്തെ ഫലപ്രദമായി നേരിടുവാൻ നിയമപാലകർക്കൊപ്പം സമൂഹത്തിന്റെ നാനാതുറയിലുള്ള സാധാരണക്കാരും വിവിധ ജനകീയ കൂട്ടായ്മകളും മുന്നിട്ട് ഇറങ്ങുന്ന കാഴ്ചയ്ക്ക് കഴിഞ്ഞകാലങ്ങളിൽ കേരളം സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്. യാഥാർത്ഥ്യബോധത്തോടെ സംസ്ഥാനത്തെ ടൂറിസം വികസനത്തിനും വ്യവസായ വികസനത്തിനും ആവശ്യമായ നിർദ്ദേശങ്ങളാണ് മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ